**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6512** **20-03-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ്, ദേവികുളങ്ങര, കൃഷ്ണപുരം, കണ്ടല്ലൂർ, പത്തിയൂർ, ആറാട്ടുപുഴ, മുതുകുളം എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം വർദ്ധിപ്പിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തോടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുന്നതാണ്. ജലജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.** |
| (ബി) | കായംകുളം കായലിനോട് ചേർന്ന് കിടക്കുന്ന ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പാത്തിയൂർ പ്ലാന്റിനെ 12 എം.എൽ.ഡി. കപ്പാസിറ്റിയിൽ നിന്നും 20 എം.എൽ.ഡി. കപ്പാസിറ്റിയായി ഉയർത്തി അവിടെ നിന്നും കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **പത്തിയൂർ പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കായംകുളം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾക്കായി പത്തിയൂരിലുള്ള 12 MLD പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, 12 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള OHSR, പമ്പ് ഹൗസ്, വിതരണ ശൃംഖല സ്ഥാപിക്കൽ, 4400 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവക്കായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി 19.887 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ